*Phone :0471-2305631*
*Fax : +91-471-2307158*
*E-Mail :regrku@gmail.com*

# UNIVERSITY OF KERALA

No.ഭരണവിഭാഗം എ. IV/KL-01-D-4690/2017 തീയതി : 06.02.2017

## ദർഘാസ്/ലേല പരസ്യം

കേരള സർവകലാശാലയുടെ ഉടമസ്ഥതയിലുള്ള താഴെപ്പറയുന്ന വാഹനം 'ഇപ്പോഴുള്ള അവസ്ഥയിലും സ്ഥലത്തും' എന്ന വ്യവസ്ഥയിൽ ദർഘാസ് സഹിത ലേലത്തിലൂടെ വിൽക്കുന്നതിന് മുദ്രവച്ച മത്സരാധിഷ്ഠിത ദർഘാസുകൾ ക്ഷണിക്കുന്നു.

| ക്രമ നമ്പർ | വാഹനത്തിന്റെ രജിസ്ട്രേഷൻ നമ്പർ | വാഹനം രജിസ്റ്റർ ചെയ്ത വർഷം | മോഡൽ |
|---|---|---|---|
| 1 | KL-01-D-4690 | 1993 | മഹീന്ദ്ര & മഹീന്ദ്ര ജീപ്പ് |

വെള്ള പേപ്പറിൽ എഴുതിയ ദർഘാസ് ഉൾകൊള്ളുന്ന കവറിന് പുറത്ത് "..........................(രജിസ്ട്രേഷൻ നമ്പർ എഴുതുക) വാഹനത്തിനുള്ള ദർഘാസ്" എന്ന് രേഖപ്പെടുത്തണം. ദർഘാസ് സമർപ്പിക്കേണ്ട വിലാസം : **രജിസ്ട്രാർ, കേരള സർവകലാശാല, തിരുവനന്തപുരം-695 034.** വാഹനത്തിന് ഓഫർ ചെയ്യുന്ന വില രൂപയിൽ രേഖപ്പെടുത്തേണ്ടതാണ്.

മുദ്രവച്ച ദർഘാസ് ലഭിക്കേണ്ട അവസാന തീയതിയും സമയവും.13.02.2017 പകൽ 03.00 മണി. അന്നേ ദിവസം പകൽ 03.30 മണിക്ക് സർവകലാശാലയുടെ പാളയം സെനറ്റ് ഹാൾ കാമ്പസിൽ വച്ച് പൊതുലേലവും ഉണ്ടായിരിക്കും. ലേലത്തിനു ശേഷം ദർഘാസുകൾ തുറക്കുന്നതും വാഹനത്തിനു ലഭിച്ച കൂടിയ ദർഘാസ് വിലയോ, ലേല വിലയോ ഏതാണ് കൂടുതൽ, ആയത് രജിസ്ട്രാറുടെ അനുമതിക്കു വിധേയമായി സ്ഥിരപ്പെടുത്തുന്നതുമാണ്.

നിരതദ്രവ്യം

1. മഹീന്ദ്ര & മഹീന്ദ്ര ജീപ്പ് ₹ 2,500/- (രൂപ രണ്ടായിരത്തി അഞ്ഞൂറ്)

ദർഘാസ് സമർപ്പിക്കുന്നവർ നിരതദ്രവ്യമായി നിശ്ചിത തുകയ്ക്കുള്ള SBT, KUOC ബ്രാഞ്ചിൽ മാറാവുന്ന ഡിമാന്റ് ഡ്രാഫ്റ്റ് **ഫിനാൻസ് ഓഫീസർ, കേരള സർവകലാശാല, തിരുവനന്തപുരം** എന്ന പേരിൽ ദർഘാസിനൊപ്പം വയ്ക്കേണ്ടതാണ്. ദർഘാസ് വ്യവസ്ഥകൾ അംഗീകരിക്കുന്നു എന്ന് ഒപ്പിട്ടു വേണം ദർഘാസ് സമർപ്പിക്കുവാൻ. ലേലത്തിൽ പങ്കെടുക്കുന്നവർ നിശ്ചിത തുകയുടെ DD യോ രൂപയോ കെട്ടിവയ്ക്കേണ്ടതാണ്.

ലേലം സ്ഥിരപ്പെടുത്തികിട്ടുന്നവർ സെക്യൂരിറ്റി ഡിപ്പോസിറ്റായി 10,000/- (പതിനായിരം) രൂപയോ പ്രസ്തുത തുകയ്ക്കുള്ള DD യോ കെട്ടിവയ്ക്കേണ്ടതാണ്. വാഹനത്തിന്റെ ഉടമസ്ഥത തന്റെ പേരിലേക്ക് രജിസ്റ്റർ ചെയ്തു കഴിഞ്ഞാൽ ഈ തുക മടക്കി നൽകുന്നതാണ്.

വ്യക്തതയില്ലാത്തതും നിരതദ്രവ്യമായി DD വയ്ക്കാത്തതും അപൂർണ്ണവുമായ ദർഘാസുകൾ സ്വീകരിക്കുന്നതല്ല. രജിസ്ട്രാറുടെ തീർപ്പ് ഇക്കാര്യത്തിൽ അന്തിമമായിരിക്കും.

ദർഘാസ്/ലേലം സ്ഥിരപ്പെടുത്തികിട്ടുന്നവർ സ്ഥിരപ്പെടുത്തുന്ന തീയതി മുതൽ മൂന്ന് ദിവസത്തിനുള്ളിൽ മുഴുവൻ തുകയും സർവകലാശാല ഫണ്ടിൽ അടച്ച് രസീത് ഹാജരാക്കണം. മറ്റു നടപടിക്രമങ്ങൾ എല്ലാം പൂർത്തിയായതിനു ശേഷം മാത്രമേ വാഹനം നീക്കം ചെയ്യുവാൻ അനുവദിക്കുകയുള്ളൂ. അല്ലാത്തപക്ഷം സ്ഥിരപ്പെടുത്തിയ ദർഘാസ്/ലേലം അസ്ഥിരപ്പെടുത്തുന്നതും നിരതദ്രവ്യം സർവകലാശാല ഫണ്ടിലേക്ക് കണ്ടുകെട്ടുന്നതുമാണ്.

ദർഘാസ്/ലേലം സ്ഥിരപ്പെടുത്തിക്കിട്ടുന്നവർ വില്പന നികുതി ട്രഷറിയിൽ അടച്ച് ചെല്ലാൻ ഹാജരാക്കേണ്ടതാണ്.

ദർഘാസ്/ലേലം സ്ഥിരപ്പെടുത്തിക്കിട്ടുന്നവർ പേരും വിലാസവും തെളിയിക്കുന്ന അസ്സൽ രേഖയോടൊപ്പം ടി രേഖയുടെ ഗസറ്റഡ് ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയ പകർപ്പും കൂടാതെ വിൽപന കരാർ തയ്യാറാക്കുന്നതിലേയ്ക്ക് സ്വന്തം പേരിൽ വാങ്ങിയ **നൂറു രൂപയുടെ മുദ്രപത്രവും** രണ്ട് പാസ്പോർട്ട് സൈസ് ഫോട്ടോയും ഹാജരാക്കേണ്ടതാണ്.

ദർഘാസ്/ലേലത്തിൽ പങ്കെടുക്കാൻ താത്പര്യമുള്ളവർക്ക് രജിസ്ട്രാറുടെ അനുമതിയോടെ പ്രവർത്തി ദിവസങ്ങളിൽ ഓഫീസ് സമയത്ത് വാഹനം പരിശോധിക്കാവുന്നതാണ്.

അവിചാരിതമായ കാരണങ്ങളാൽ ദർഘാസ് സമർപ്പിക്കുവാൻ/തുറക്കുവാൻ നിശ്ചയിച്ചിട്ടുള്ള ദിവസം അവധിയായി പ്രഖ്യാപിക്കപെട്ടാൽ തൊട്ടടുത്ത പ്രവർത്തി ദിവസം ടി കാര്യങ്ങൾ നടത്തുന്നതായിരിക്കും.

യാതൊരു കാരണവും ബോധിപ്പിക്കാതെ ദർഘാസ് വില്പന മാറ്റിവയ്ക്കുന്നതിനും റദ്ദുചെയ്യുന്നതിനും, അസ്ഥിരപ്പെടുത്തുന്നതിനുമുള്ള പൂർണ്ണ അധികാരം സർവകലാശാല രജിസ്ട്രാറിൽ നിക്ഷിപ്തമാണ്. ദർഘാസ് സംബന്ധിച്ച് എല്ലാ കാര്യത്തിലും രജിസ്ട്രാറുടെ തീരുമാനം അന്തിമമായിരിക്കും.

ഒപ്പ്/-

രജിസ്ട്രാർ

## ........................................ വാഹനത്തിനുള്ള ദർഘാസ്

| | |
|---|---|
| പേര് | |
| മേൽവിലാസം | |
| നിരതദ്രവ്യം അടച്ചതിന്റെ വിശദ വിവരങ്ങൾ | ഡി.ഡി.നം. :<br>തീയതി :<br>തുക :<br>ബാങ്ക് : |
| ദർഘാസ് തുക രൂപ................../- | രൂപ............................ |

## <u>പ്രഖ്യാപനം</u>

ലേല വ്യവസ്ഥകൾ അംഗീകരിക്കുന്നു.

ഒപ്പ്
പേര്

സ്ഥലം :
തീയതി :